**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1158** **10-08-2023 - ൽ മറുപടിയ്ക്ക്**

**വെള്ളക്കര കുടിശിക പിരിച്ചെടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ , ശ്രീ. അൻവർ സാദത്ത് , ശ്രീ. ഐ. സി. ബാലകൃഷ്ണൻ , ശ്രീ. സജീവ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ/അർദ്ധസർക്കാർ വ്യവസായ സ്ഥാപനങ്ങളുടെയും സ്വകാര്യ വ്യക്തികളുടെയും വെള്ളക്കര കുടിശിക ജല അതോറിറ്റി പിരിച്ചെടുക്കാനുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും സ്വകാര്യ വ്യക്തികളുടെയും വാട്ടർ ചാർജ് വിവരങ്ങൾ ചുവടെ ചേർക്കുന്നു. (തുക കോടി രൂപയിൽ)**<br>• **സർക്കാർ സ്ഥാപനങ്ങൾ: 106.67**<br>• **അർദ്ധ സർക്കാർ സ്ഥാപനങ്ങൾ: 8.51**<br>• **ഗാർഹിക കണക്ഷനുകൾ : 256.28**<br>• **ഗാർഹികേതര കണക്ഷനുകൾ (സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ ഒഴികെ): 96.17**<br>• **വ്യാവസായിക കണക്ഷനുകൾ: 5.47**<br>• **മറ്റിനങ്ങൾ (സ്പെഷ്യൽ കണക്ഷൻ, ജലനിധി, ടാങ്കർ ലോറി തുടങ്ങിയവ) : 63.73**<br><br>**മാത്രമല്ല പൊതു ടാപ്പുകളുടെ (പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ) കണക്ഷനുകളുടെ കുടിശിക 815.52 കോടി രൂപയും ഉണ്ട്. ആകെ കുടിശിക 1352.35 കോടി രൂപയാണ്.** |
| (ബി) | പ്രസ്തുത കുടിശിക പിരിച്ചെടുക്കുന്നതിൽ വരുത്തിയ അലംഭാവമാണ് വെള്ളക്കരം പതിൻമടങ്ങ് വർദ്ധിപ്പിക്കാൻ കാരണമായത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | **കുടിശിക പിരിച്ചെടുക്കുന്നതിൽ അലംഭാവം കാണിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തെ കുടിശ്ശിക 2111.59 കോടി രൂപയായിരുന്നു. എന്നാൽ ഇന്റേണൽ അദാലത് വഴിയും, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴിയും, ഗാർഹികേതര കണക്ഷനുകളിലെ കൂട്ടുപലിശ ഒഴിവാക്കി 2% സാധാരണ പലിശ നിരക്കിൽ കണക്കാക്കി നൽകിയതു വഴിയും റവന്യൂ അദാലത്ത്, ആംനെസ്റ്റി അദാലത്ത് തുടങ്ങിയ പദ്ധതികൾ നടപ്പാക്കിയത് വഴിയും പരമാവധി കുടിശിക പിരിച്ചെടുത്ത് 2022-23 സാമ്പത്തിക വർഷത്തെ കുടിശ്ശിക 1194.95 കോടി രൂപയായി കുറയ്ക്കാൻ സാധിച്ചു.** |

| | | | |
|---|---|---|---|
| | | | **1,000 ലിറ്റർ (ഒരു കിലോ ലിറ്റർ) ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് 22.85/- രൂപ വാട്ടർ അതോറിറ്റിക്ക് ചെലവാകുമ്പോൾ, ശരാശരി 10.92/- രൂപ മാത്രമാണ് ഒരു കിലോ ലിറ്റർ ജലത്തിൽ നിന്നും വരുമാനമായി ലഭിച്ചിരുന്നത്, അതായത് ഒരു കിലോ ലിറ്റർ ജലം വിതരണം ചെയ്യുമ്പോൾ വാട്ടർ അതോറിറ്റിക്ക് 11.93/- രൂപ നഷ്ടം വന്നിരുന്നു. ജല ശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചെലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത് വഴി വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവർഷം ഉണ്ടാകുന്നത്. വർഷാവർഷം വർദ്ധിച്ച് വരുന്ന വൈദ്യുതി ചാർജ്ജ്, കെമിക്കൽസിന്റെ വില വർദ്ധനവ്, അറ്റകുറ്റ പണികളുടെ ചെലവ്, വായ്പ തിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവക്ക് അനുസൃതമായി വാട്ടർ ചാർജ്ജിൽ വർദ്ധനവ് ഉണ്ടാകുന്നില്ല. ആയതിനാലാണ് വാട്ടർ ചാർജ് വർധിപ്പിക്കേണ്ട സാഹചര്യം ഉണ്ടായത്.** |
| (സി) | വെള്ളക്കര കുടിശിക പിരിച്ചെടുക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (സി) | **വാട്ടർ ചാർജ് കുടിശ്ശിക പിരിച്ചെടുക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സെക്ഷൻ ഓഫീസ് തലത്തിൽ വരെയുള്ള ജീവനക്കാരെ ഏകോപിപ്പിച്ച് ഊർജിതമായ കുടിശ്ശിക നിർമാർജന പ്രവർത്തനങ്ങൾ നടത്തി വരുന്നു. കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് പ്രത്യേക നോട്ടീസുകൾ നല്കി കുടിശ്ശിക പിരിച്ചെടുക്കുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ബില്ല് നല്കിയിട്ടും കുടിശ്ശിക അടയ്ക്കാത്ത ഉപഭോക്താക്കളുടെ കണക്ഷനുകൾ വിഛേദിക്കുകയും അവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെ സ്വീകരിക്കുകയും ചെയ്തു വരുന്നു. എല്ലാ പത്ര ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെയും കുടിശ്ശിക അടയ്ക്കുവാനുള്ള അറിയിപ്പ് നല്കി വരുന്നു. സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക പിരിച്ചെടുക്കാൻ വേണ്ട നടപടികളും സ്വീകരിച്ചു വരുന്നു. വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് കുടിശ്ശിക തുക അടക്കണമെന്ന് കാണിച്ച കത്ത് മുഖേനയും നേരിട്ടും അറിയിപ്പുകൾ നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക അടക്കണം എന്ന് കാണിച്ച് എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നൽകാനുള്ള കുടിശ്ശിക അവരുടെ പ്ലാൻ ഫണ്ടിൽ നിന്നും കുറവ് ചെയ്ത് നൽകണമെന്നു കാണിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല എല്ലാ സ്ഥാപനങ്ങളിലും വാട്ടർ അതോറിറ്റിയുടെ ഓഫീസർമാർ നേരിട്ട്** |

| | | | |
|---|---|---|---|
| | | | **പോയി.കുടിശ്ശിക തുക അടക്കണമെന്ന് കാണിച്ച കത്തുകളും നൽകുന്നുണ്ട്.** |
| (ഡി) | വർദ്ധിപ്പിച്ച വെള്ളക്കരം കടുത്ത ആഘാതം സൃഷ്ടിക്കുന്ന സാഹചര്യത്തിൽ വെള്ളക്കര വർദ്ധനവ് പിൻവലിക്കാൻ തയ്യാറാകുമോ? | (ഡി) | **1,000 ലിറ്റർ (ഒരു കിലോ ലിറ്റർ) ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് 22.85 രൂപ വാട്ടർ അതോറിറ്റിക്ക് ചെലവാകുമ്പോൾ ശരാശരി 10.92 രൂപ മാത്രമാണ് ഒരു കിലോ ലിറ്റർ ജലത്തിൽ നിന്നും വരുമാനമായി ലഭിച്ചിരുന്നത്. അതായത് ഒരു കിലോ ലിറ്റർ ജലം വിതരണം ചെയ്യുമ്പോൾ വാട്ടർ അതോറിറ്റിക്ക് 11.93 രൂപ നഷ്ടം വന്നിരുന്നു.**<br><br>**ജല ശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചെലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത് വഴി വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവർഷം ഉണ്ടാകുന്നത്. വർഷാവർഷം വർധിച്ച വരുന്ന വൈദ്യുതി ചാർജ്ജ്, കെമിക്കൽസിന്റെ വില വർദ്ധനവ്, അറ്റകുറ്റ പണികളുടെ ചെലവ്, വായ്പ തിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവക്ക് അനുസൃതമായി വാട്ടർ ചാർജ്ജിൽ വർദ്ധനവ് ഉണ്ടായിരുന്നില്ല. കൂടാതെ ബി.പി.എൽ ഉപഭോക്താക്കൾക്ക് പ്രതിമാസം 15,000 ലിറ്റർ ജലം സൗജന്യമായാണ് നൽകി വരുന്നത്. ടി ഇനത്തിൽ 2023 ൽ 5.91 ലക്ഷം ഉപഭോക്താക്കൾക്ക് ആനുകൂല്യം നൽകി വരുന്നു. ആയതിനാലാണ് വാട്ടർ ചാർജ് വർധിപ്പിക്കേണ്ട സാഹചര്യം ഉണ്ടായത്. ഇക്കാരണങ്ങൾ കൊണ്ട് വാട്ടർ ചാർജ് വർദ്ധനവ് പുനഃപരിശോധിക്കേണ്ടതില്ല എന്ന് കാണുന്നു.** |

സെക്ഷൻ ഓഫീസർ